പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2229 — 10.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി ഡ്രൈവർമാരുടെ ഡ്യൂട്ടി സമയം

ചോദ്യം — ഉത്തരം

ശ്രീ. ജെയിംസ് മാത്യൂ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഒരു പൂർണ്ണദിവസത്തിൽ ഒരു കെ.എസ്.ആർ.ടി.സി. ഡ്രൈവർക്ക് നല്കുന്ന പരാമാവധി ഡ്യൂട്ടി എത്ര മണിക്കൂറാണ്; കെ.എസ്.ആർ.ടി.സി യുടെ ഏറ്റവും ദൈർഘ്യമേറിയ ബസ് റൂട്ട് ഏതാണ്; | (എ) | 16 മണിക്കൂർ. കെ.എസ്.ആർ.ടി.സി. യുടെ ഏറ്റവും ദൈർഘ്യമേറിയ ബസ്സ് റൂട്ട് തിരുവനന്തപുരം - ബാംഗ്ലൂരാണ്. |
| (ബി) | ഒരു ഡ്രൈവർക്ക് നൽകാവുന്ന പരമാവധി ഡ്യൂട്ടി സമയം കൊണ്ട് കേരളത്തിലെ ഏറ്റവും ദൈർഘ്യമേറിയ റൂട്ട് കവർ ചെയ്യാൻ സാധിക്കുമോ ; | (ബി) | സാധിക്കില്ല. |
| (സി) | ഇല്ലെങ്കിൽ യാത്രക്കിടയിൽ ഡ്യൂട്ടി ചെയ്ഞ്ച് ചെയ്യാറുണ്ടോ; | (സി) | യാത്രക്കിടയിൽ ഡ്യൂട്ടി ചെയ്ഞ്ച് അനുവദിക്കാറുണ്ട്. |
| (ഡി) | ട്രാൻസ്പോർട്ട് ബസ്സിൽ 20 മുതൽ 37 മണിക്കൂർ വരെ തുടർച്ചയായി ഡ്യൂട്ടി ചെയ്യുന്ന ഡ്രൈവർമാരെക്കുറിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) യും | കെ.എസ്.ആർ.ടി.സി യുടെ കീഴിൽ ട്രാൻസ്പോർട്ട് ബസ്സിൽ 20 മുതൽ 37 മണിക്കൂർ വരെ തുടർച്ചയായി ഡ്രൈവർമാർ ഡ്യൂട്ടി ചെയ്യുന്നതിന് അനുവദിക്കാറില്ല. |
| (ഇ) | ഇത്രയും സുദീർഘമായി ജോലി ചെയ്യുമ്പോൾ ഉണ്ടാകാവുന്ന ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ; | (ഇ) യും | |
| (എഫ്) | ഏത് സാഹചര്യത്തിലാണ് ഇത്രയും സുദീർഘമായ സമയം ഡ്യൂട്ടി നിശ്ചയിച്ച് നല്കുന്നതെന്ന് അറിയിക്കുമോ; | (എഫ്) ഉം | |
| (ജി) | ഇതൊഴിവാക്കി ജോലിഭാരവും സമയവും നിജപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (ജി) യും | |

സെക്ഷൻ ഓഫീസർ